പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3632 | 10.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| 'നിർഭയ' യുടെ പ്രവർത്തനം | |
| ചോദ്യം | ഉത്തരം |
| ശ്രീമതി കെ. എസ്. സലീഖ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ത്രീ സുരക്ഷാ നയമായ 'നിർഭയ'-യുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതല ഏകോപന സമിതി, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല നിർഭയ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും പ്രസ്തുത സമിതികൾ സമയബന്ധിതമായി യോഗം ചേർന്ന് നിർഭയ പദ്ധതിയുടെ നടത്തിപ്പിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നുണ്ട്. നിർഭയയെക്കുറിച്ച് എല്ലാ ജില്ലകളിലും ആദ്യപടി എന്ന നിലയിൽ പോലീസ്, ഐ.സി.ഡി.എസ്, വിവിധ പഞ്ചായത്ത് തലങ്ങൾ, കുടുബശ്രീ, ഫാമിലി കൗൺസിലേഴ്സ്, സ്കൂൾ കൗൺസിലേഴ്സ് എന്നിവർക്ക് ട്രെയിനിംഗുകൾ നടത്തി-വരുന്നുണ്ട്. പീഡിപ്പിക്കപ്പെട്ടവരെ സംരക്ഷിക്കുന്നതിനായി നിർഭയ ഷെൽറ്റർ ഹോം പൂജപ്പുരയിൽ പ്രവർത്തനം ആരംഭിച്ചു. ടി ഹോമിൽ 16 ഇൻമേറ്റ്സ് താമസിക്കുന്നുണ്ട്. അവർക്കാവശ്യമായ മാനസിക തയ്യാറെടുപ്പിനുള്ള കൗൺസലിംഗ്, വൈദ്യ, നിയമ സഹായങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങിയവ നൽകി വരുന്നു. 14 ജില്ലകളിലും One Stop Crisis Cell ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

| | |
|---|---|
| (ബി) 'നിർഭയ' നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിലും, പ്രധാന താലൂക്ക് ആശുപത്രികളിലും സമാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി ഉണ്ട്. ജില്ലാ/താലൂക്ക് ഹോസ്പിറ്റലുകളിൽ One Stop Crisis Cell (സമാശ്വാസ കേന്ദ്രങ്ങൾ) തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ ആയത് സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ഇപ്രകാരം രൂപീകരിക്കുന്ന സമാശ്വാസ കേന്ദ്രങ്ങൾ വഴി ഇരയായ സ്ത്രീകൾക്ക് എന്തൊക്കെ സഹായം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ഡി) എല്ലാ സഹായങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് One Stop Crisis Cell (സമാശ്വാസ കേന്ദ്രങ്ങൾ) ന്റെ ഉദ്ദേശ്യം. അതിൽ പീഡനത്തിനിരയായ വ്യക്തിയുടെ എഫ്ഐആർ/ എഫ്ഐഎസ് സ്റ്റേറ്റ്മെന്റ് എടുക്കുന്നതിന് ആ പ്രദേശത്തെ വനിതാ പോലീസ് ഉദ്യോഗസ്ഥ, വൈദ്യ പരിശോധനയ്ക്ക് വനിതാ ഗൈനക്കോളജിസ്റ്റ്, നിയമ സഹായത്തിന് വനിതാ അഭിഭാഷക, അടിയന്തിര കൗൺസലിംഗ് നൽകുന്നതിന് ഫുൾടൈം വനിതാ കൗൺസിലർ തുടങ്ങിയവരുടെ സഹായം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഇ) ഇതിലേയ്ക്ക് എന്ത് തുക 2013-14 സാമ്പത്തിക വർഷം മാറ്റിവച്ചിട്ടുണ്ട്; | (ഇ) നിർഭയ പരിപാടി/നിർഭയ ഹോമുകൾക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 8 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. |
| (എഫ്) പ്രസ്തുത സമാശ്വാസ കേന്ദ്രങ്ങൾ എന്നു മുതൽ പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ? | (എഫ്) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ One Stop Crisis Cell (സമാശ്വാസ കേന്ദ്രങ്ങൾ) സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കുവാനുള്ള കർമ്മ പരിപാടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ